അങ്ങനെയാണു കാര്യമെങ്കിൽ, ഭരണഘടനയിലെന്തിനു് ഒരു ഭാഷപ്പട്ടിക എന്നു് ഡോഗ്രികൾ തിരിച്ചു ചോദിക്കുന്നു. ഒരു പ്രയോജനവുമില്ലാതെ, അജാഗളസ്തനംപോലെ, ഒരു പട്ടിക എന്തിനു ഭരണഘടനയിൽ നിലനിർത്തുന്നു? അതു് എടുത്തു കളഞ്ഞുകൂടേ? ഡോഗ്രകളുടെ ഈ വാദത്തിൽ യുക്തിയില്ലായ്കയില്ല. പാർലമെൻറിൽ അവരുടെ ഭാഗം വാദിക്കാൻ സ്വാധീനശക്തിയുള്ള ആളുകൾ ധാരാളമുണ്ടുതാനും. ആ നിലയിൽ ഡോഗ്രിയുടെ പ്രശ്നം, കൊങ്കിണിയുടെ പ്രശ്നത്തേക്കാളേറെ, ജനശ്രദ്ധ ആകർഷിക്കാൻ ഭാവിയിൽ സാദ്ധ്യത ഇല്ലായ്കയില്ല.

ഇന്ത്യയെപ്പോലെ ഒരു ബഹുഭാഷാരാഷ്ട്രമാണു് സോവ്യററ് യൂണിയൻ. തക്കസമയത്തു യുക്തിയുക്തമായ തീരുമാനം കൈക്കൊള്ളുകയും അതു ദൃഢതയോടെ നടപ്പിൽവരുത്തുകയുംചെയ്തുവഴി, തങ്ങളുടെ ഭാഷാപ്രശ്നത്തിനു ശാശ്വതമായ പരിഹാരമുണ്ടാക്കാൻ സോവ്യററ് യൂണിയനു കഴിഞ്ഞു.

സോവ്യററ് യൂണിയൻെറ ഭാഷാനയമാണു് സ്വതന്ത്രഭാരതവും അനുകരിച്ചതു്. പക്ഷേ, യുക്തിസംഗതമായ സ്വന്തം തീരുമാനം നടപ്പിലാക്കാനായിരുന്നില്ല നമ്മുടെ ഭരണകർത്താക്കൾക്കു താല്പര്യമെന്നു മുമ്പു പറയുകയുണ്ടായല്ലോ. അവരുടെ കർത്തവ്യലോപം നമുക്കു വരുത്തിവെച്ച ദോഷങ്ങൾ വളരെയാണു്; വലിയവയുമാണു്. ഇപ്പോൾ കാട്ടുതീപോലെ ഇന്ത്യയുടെ വടക്കുകിഴക്കു പ്രദേശത്തും വടക്കുപടിഞ്ഞാറേ പ്രദേശത്തും ആളിക്കത്തിക്കൊണ്ടിരിക്കുന്ന ആസാം—പഞ്ചാബ് പ്രശ്നങ്ങളും, ആഴത്തിൽ ചിന്തിച്ചാൽ നമ്മുടെ ഭാഷാനയവുമായി (ശരിക്കു പറഞ്ഞാൽ നയരാഹിത്യവുമായി) ബന്ധപ്പെട്ടിരിക്കുന്നു.

ഭരണഘടനയിൽ വിശദമായി വിവരിക്കപ്പെട്ട ഭാഷാനയം ആത്മവഞ്ചന കൂടാതെ നടപ്പിൽ വരുത്തുന്നതിനുവേണ്ട ധൈര്യവും വിവേകവും നമ്മുടെ ഭരണാധികാരിവർഗത്തിനു് എന്നാണു കൈവരുക?

(18 ഏപ്രിൽ, 1983)

## 51. ഉർദു

ക്രിസ്ത്വബ്ദം പത്താംനൂററാണ്ടിനടുത്തു് പടിഞ്ഞാറേ ഏഷ്യയിൽനിന്നു വൻതോതിൽ ഇന്ത്യൻ ഭൂഖണ്ഡത്തിൻെറ വടക്കുപടിഞ്ഞാറുഭാഗത്തേക്കു് ഉണ്ടായ കുടിയേററത്തിൻെറ ഫലമായാണു് ഉർദുഭാഷ രൂപംകൊണ്ടതു്. കുടിയേററക്കാരിൽ അധികവും ആക്രമണകാരികളും പട്ടാളക്കാരുമായിരുന്നു. മററു ചിലർ വ്യാപാരികളും മതപ്രചാരകരും. ഇവരിൽ ഭൂരിഭാഗവും മുസ്ലിങ്ങളുമായിരുന്നു. തുർക്കി, പേഴ്സ്യൻ, അറബിക്ക് മുതലായവയായിരുന്നു ഇവരുടെ മാതൃഭാഷകൾ.

‘അപഭ്രംശങ്ങൾ’ എന്ന പൊതുപ്പേരിൽ അറിയപ്പെട്ട ഏതാനും ഭാഷകളാണു് അന്നു് ഉത്തരേന്ത്യയിൽ സംസാരിച്ചുവന്നിരുന്നതു്. ഇവയെല്ലാം സംസ്കൃതത്തിൽനിന്നു് ഉത്ഭവിച്ചവയാണു്; എങ്കിലും ഇവയ്ക്കിടയിൽ ധാരാളം പ്രാദേശികഭേദങ്ങളുണ്ടായിരുന്നു. സാഹിത്യരചനയ്ക്കും അപൂർവമായി ഉപയോഗിക്കപ്പെട്ടിരുന്നെങ്കിലും അപഭ്രംശഭാഷകൾ ഏറെയും സംഭാഷണത്തിൽ ഒതുങ്ങിനിന്നു. ഇവ സംസാരിക്കുന്നവർ ഗൗരവമുള്ള സാഹിത്യനിർമിതിക്കു് ഉപയോഗപ്പെടുത്തിയിരുന്നതു് സംസ്കൃതത്തെയാണു്.

നാട്ടുകാരോട് സംസാരിക്കുന്നതു് അവരുടെ ഭാഷയിൽത്തന്നെ വേണമല്ലോ. പുറമേനിന്നു വന്ന ആക്രമണകാരികളും പട്ടാളക്കാരും വ്യാപാരികളും മതപ്രചാരകരും നാട്ടുകാരോട് സംസാരിക്കുമ്പോൾ, തങ്ങളുടെ മാതൃഭാഷകളിലെ പദങ്ങളും ശൈലികളും നാട്ടുഭാഷയിൽ ധാരാളമായി കൂടിക്കലരുകയെന്നതും സ്വാഭാവികമാണ്. ഉത്തരേന്ത്യയിൽ, പ്രത്യേകിച്ചും പശ്ചിമോത്തരേന്ത്യയിൽ, പ്രചാരത്തിലിരുന്ന ശൗരസേനി എന്ന അപഭ്രംശഭേദത്തിൽ (ഇതാണു 'ഹിന്ദി' ആയതു്) തുർക്കി—അറബി—പേഴ്സ്യൻ വാക്കുകളും ശൈലികളും ഇടകലർന്നുണ്ടായ മിശ്രഭാഷ പിൽക്കാലത്തു് 'ഹിന്ദുസ്ഥാനി' എന്നും 'ഉർദു' എന്നുമുള്ള പേരുകളിൽ അറിയപ്പെട്ടുതുടങ്ങി. 'പട്ടാളം' എന്ന അർത്ഥത്തിലുള്ള ഉർദു എന്ന തുർക്കിവാക്കിൽനിന്നുണ്ടായതാണ് ഉർദു എന്ന പദം. ആ ഭാഷ പട്ടാളത്താവളങ്ങളിലാണു പിറന്നു വളർന്നതു് എന്നു് ഈ പേരു് സൂചിപ്പിക്കുന്നു.

പന്ത്രണ്ടാം നൂറ്റാണ്ടിനുശേഷം, മുസ്ലിംവാഴ്ച ഉത്തരാപഥത്തിൽ ഉറച്ചപ്പോൾ, ഉർദു(ഹിന്ദുസ്ഥാനി)ഭാഷ ഇന്ത്യയിലാകെ വ്യാപകമായി പ്രചരിച്ചു. ഹിന്ദ്വി—രേഖ്താ പേരുകളിലും അതറിയപ്പെട്ടുവന്നു. അതിനു പല പ്രാദേശികരൂപഭേദങ്ങളും ഉളവാകുകയുംചെയ്തു. വ്യതിരിക്തമായ ഒരു ഭാഷയായിത്തീർന്നപ്പോഴും ഉർദുവിന്റെ വ്യാകരണപരമായ ഘടന ശൗരസേനി അപഭ്രംശത്തിന്റേതുതന്നെയായിരുന്നു. അതേസമയം അറബി—പേഴ്സ്യൻ ഭാഷകളിലെ പദസഞ്ചയം മുഴുവൻ ഉർദുവിന്റെ പദസഞ്ചയമായി ഗണിക്കപ്പെട്ടു. ദക്ഷിണേന്ത്യയിലെ ദ്രാവിഡഭാഷകൾ അവയുടെ വ്യാകരണഘടനയ്ക്കു മാററം വരുത്താതെതന്നെ സംസ്കൃതത്തിലെ പദസഞ്ചയം മുഴുവൻ സ്വീകരിക്കുകയുണ്ടായല്ലോ. അങ്ങനെ ഒരു മണിപ്രവാളശൈലി ദക്ഷിണാപഥത്തിൽ രൂപംകൊണ്ടു. ഉർദു ഉത്തരാപഥത്തിലെ മണിപ്രവാളമാണ്; നിലവിലുണ്ടായിരുന്ന നാട്ടുഭാഷയിൽ വിദേശ(മുഖ്യമായും അറബി—പേഴ്സ്യൻ)പദങ്ങൾ കലർന്നാണ് അതുണ്ടായതു്. ഈ മിശ്രഭാഷ സാഹിത്യമാദ്ധ്യമമായി ഉപയോഗിച്ചു തുടങ്ങിയവർ മാതൃകയ്ക്കു തിരിഞ്ഞുനോക്കിയതു് മുഖ്യമായും പേഴ്സ്യൻ ഭാഷയിലെ സമ്പന്ന സാഹിത്യസമുച്ചയത്തെ ആയിരുന്നു. അതിനാൽ, ഉർദു സാഹിത്യപാരമ്പര്യം പ്രാദേശിക(ഭാരതീയ)സാഹിത്യപാരമ്പര്യത്തിൽനിന്നു ഗണ്യമായ വ്യത്യാസം ആദ്യംമുതൽ പുലർത്തിവന്നു.

അശോകശാസനങ്ങളിൽ കാണുന്ന ബ്രാഹ്മീലിപിയിൽനിന്നു് ഉത്ഭവിച്ച പലതരം ലിപികളാണ് ഉത്തരേന്ത്യയിലെ നാട്ടുഭാഷകൾ എഴുതുവാൻ അക്കാലത്തു് ഉപയോഗപ്പെടുത്തിവന്നതു്. ഇവയിൽ പ്രധാന ലിപിരൂപമത്രേ ദേവനാഗരി. പക്ഷേ, ഉർദു എഴുതാൻ തുടങ്ങിയപ്പോൾ അതിനായി ഉപയോഗപ്പെടുത്തിയതു് പേർഷ്യൻ—അറബി ലിപിയാണ്. ലിപിയിലുള്ള ഈ വ്യത്യാസം, ഉർദുവും മററു നാട്ടുഭാഷകളും തമ്മിൽ, പ്രത്യേകിച്ചും സാഹിത്യവ്യവഹാരത്തിൽ, ഗണ്യമായ അകൽച്ച സൃഷ്ടിച്ചു. ഉർദുവിനു് മുസ്ലിം ഭരണാധികാരികൾ ഉദാരമായ സംരക്ഷണം നൽകി. ദർബാറിലെ വളർച്ച നിമിത്തം അതിന്റെ സാഹിത്യരൂപം പണ്ഡിതോചിതവും, ജനതയുടെ നിത്യവ്യവഹാരത്തിൽനിന്നു് അകന്നതുമായി. പൊതുവെ ഉർദു ഉത്തരാപഥത്തിലെ മുസ്ലിങ്ങളുടെ ഭാഷയായി കരുതപ്പെട്ടു. പത്തൊമ്പതാം നൂററാണ്ടിൽ, ദേശീയ പ്രബുദ്ധതയുടെ ഫലമായി, മററു ഭാരതീയ ഭാഷകളിലെന്നപോലെ പശ്ചിമോത്തരേന്ത്യയിലെ നാട്ടുഭാഷയായ 'ഹിന്ദി'യിലും പുനരുത്ഥാനമുണ്ടായപ്പോൾ, പഴയ സംസ്കൃതപാരമ്പര്യത്തിലേക്കു തിരിച്ചുപോകുന്നതിനുള്ള പ്രവണതയാണു സ്വാഭാവികമായും അതിൽ കാണപ്പെട്ടതു്. ഹിന്ദിയുടെ പുനരുത്ഥാനത്തിനു് ആദ്യമായി പരിശ്രമി

പ്പു് 'ആര്യസമാജ'ക്കാരായിരുന്നു! അവർ വേദത്തിന്റെ പ്രാമാണ്യത്തിൽ വിശ്വസിച്ചിരുന്നവരും സംസ്കൃതവിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിൽ തല്പരരുമാണു്. ഹിന്ദിയും ഉർദുവും തമ്മിൽ അകലുന്നതിൽ ഇതും ഒരു കാരണമായി. സ്വയംഭരണവും സ്വാതന്ത്ര്യവും നേടുന്നതിനുള്ള പരിശ്രമങ്ങളുടെ ഒരു പ്രത്യാഘാതമെന്ന നിലയിൽ ഹിന്ദു—മുസ്ലിം സാമുദായികവാദം ഉത്തരേന്ത്യയിൽ ഇരുപതാം നൂറ്റാണ്ടിന്റെ ആദിമദശകങ്ങളിൽ കരുത്തു നേടിയപ്പോൾ, അതിനു കൊഴുപ്പുകൂട്ടുന്നതിനായി ഹിന്ദി—ഉർദു—തർക്കവും വലിച്ചിഴച്ചു കൊണ്ടുവരപ്പെട്ടു. മഹാത്മാഗാന്ധി ഈ പ്രശ്നത്തിനു നിർദേശിച്ച പരിഹാരം അംഗീകരിക്കപ്പെട്ടില്ല. സാഹിത്യഭാഷകളെന്ന നിലയിൽ ഹിന്ദിയെയും ഉർദുവിനെയും അവയുടെ പാട്ടിനു വിടുകയും ഉത്തരേന്ത്യയിലെ സാധാരണജനങ്ങളുടെ പൊതു സംസാരഭാഷയെ ഇന്ത്യയുടെ പൊതുഭാഷയെന്ന നിലയിൽ വികസിപ്പിക്കുകയുമാണു് ഹിന്ദി—ഉർദു തർക്കത്തിൽ ഗാന്ധിജി നിർദേശിച്ച ഒത്തുതീർപ്പു്. ഈ പൊതുഭാഷ 'ഹിന്ദുസ്ഥാനി' എന്ന പേരിൽ അറിയപ്പെടണം; അതു് ദേവനാഗരിയിലും ഉർദുലിപിയിലും എഴുതപ്പെടുകയും വേണം. ഇന്ത്യയുടെ ഈ പൊതുഭാഷ പ്രചരിപ്പിക്കുന്നതിനു് ഗാന്ധിജി വർധയിൽ ഹിന്ദുസ്ഥാനി പ്രചാരസമിതി സ്ഥാപിച്ചു; ദക്ഷിണഭാരത ഹിന്ദിപ്രചാരസഭയുടെ പേരിലെ ഹിന്ദി മാറി ഹിന്ദുസ്ഥാനിയാക്കി; സഭയുടെ പാഠ്യപദ്ധതിയിൽ ഉർദുലിപിയും ഏതാനും ഉർദു പുസ്തകങ്ങളും ഉൾപ്പെടുത്തി.

പല ശുദ്ധ ഹിന്ദിവാദികൾക്കും ഇതൊന്നും ഇഷ്ടപ്പെട്ടില്ല. സംസ്കൃതശബ്ദാവലി ഇന്ത്യയിലെ എല്ലാ ഭാഷകളുടെയും പൊതുഘടകമായിരിക്കയാൽ, ഹിന്ദിയെ ഇന്ത്യയുടെ പൊതുഭാഷയാക്കുന്നതിനു് ആദ്യമായി ചെയ്യേണ്ടതു് അതിനെ കൂടുതൽ സംസ്കൃതവൽക്കരിക്കുകയാണു് എന്നായിരുന്നു അവരുടെ വാദം. മതത്തിന്റെ അടിസ്ഥാനത്തിൽ രൂപവൽക്കരിക്കപ്പെട്ട പാക്കിസ്ഥാൻ ഇന്ത്യയിൽനിന്നു വിട്ടുപോയപ്പോൾ അവരുടെ വാദത്തിനു കൂടുതൽ പ്രസക്തി കൈവന്നു. അങ്ങനെ ഹിന്ദി ഇന്ത്യയുടെ പൊതുഭാഷയായും ദേവനാഗരി രാഷ്ട്രലിപിയായും അംഗീകരിക്കപ്പെട്ടു.

പാക്കിസ്ഥാന്റെ രാഷ്ട്രഭാഷ (കൗമീ സബാൻ) ആയി ഉർദു അംഗീകരിക്കപ്പെട്ടെങ്കിലും, ആ ഭാഷ പാക്കിസ്ഥാനിലെ ഭൂരിപക്ഷഭാഷയായിരുന്നില്ല. ഭൂരിപക്ഷ ഭാഷയായിരുന്ന ബംഗാളിക്കു് ഉർദുവിനോടൊപ്പം സ്ഥാനം നൽകാൻ പാക്കിസ്ഥാനിലെ അധികൃതർ തയ്യാറാകാതിരുന്നതു് ആഭ്യന്തരയുദ്ധത്തിലേക്കും പിന്നീടു് ബംഗ്ലാദേശ് എന്ന സ്വതന്ത്രരാഷ്ട്രത്തിന്റെ രൂപവൽക്കരണത്തിലേക്കും നയിച്ചു. അവശിഷ്ട പാക്കിസ്ഥാനിലും ഉർദു ഭൂരിപക്ഷഭാഷയല്ല; പഞ്ചാബിക്കാണു് ആ സ്ഥാനം. പഞ്ചാബി, സിന്ധി, പശ്തോ എന്നീ ഭാഷകൾക്കു് പാക്കിസ്ഥാന്റെ ഭരണത്തിലും ജനജീവിതത്തിലും അർഹമായ സ്ഥാനം നേടിയെടുക്കുന്നതിനുവേണ്ടിയുള്ള പ്രസ്ഥാനങ്ങൾ പാക്കിസ്ഥാനിൽ ആരംഭിച്ചിട്ടുണ്ടു്.

വിഭജനത്തിനുശേഷം ഇന്ത്യയിൽ ഉർദു ന്യൂനപക്ഷഭാഷകളിലൊന്നു മാത്രമായി. കാശ്മീർ സംസ്ഥാനത്തിൽ ഭൂരിപക്ഷം ജനങ്ങളുടെയും മാതൃഭാഷ കാശ്മീരിയും ഡോഗ്രിയുമാണെങ്കിലും, ഉർദു ഭരണഭാഷയായി അംഗീകരിക്കപ്പെട്ടു. ഹൈദരാബാദ് ആന്ധ്രപ്രദേശിന്റെ ഭാഗമായപ്പോൾ, ആന്ധ്രപ്രദേശിലും ഉർദുവിനു ഭരണഭാഷകളിലൊന്നെന്ന സ്ഥാനം നൽകപ്പെട്ടു. ബീഹാർ, ഹിമാചൽപ്രദേശ്, ഉത്തർപ്രദേശ് എന്നിവിടങ്ങളിലും ഉർദു ഒരു ഭരണഭാഷയായി. ഉർദുവിന്റെ വികസനത്തിനുവേണ്ടി കേന്ദ്രഗവണ്മെന്റ് പ്രത്യേക സംവിധാനങ്ങളുണ്ടാക്കി.

പക്ഷേ, ഹിന്ദി—ഉർദു തർക്കം ഇതുകൊണ്ടൊന്നും തീർന്നില്ല. രാഷ്ട്ര

ശരീരത്തിലെ ഈ വ്രണം ഇടയ്ക്കിടയ്ക്കു നീരു വന്നു വീർക്കുകയും, ഇന്ത്യയിൽ പരിഹരിക്കാതെ കിടക്കുന്ന സാമുദായികപ്രശ്നത്തിലേക്കു നമ്മുടെ ശ്രദ്ധ ആകർഷിക്കുകയുംചെയ്യുന്നു. ഉർദു ഒരു ഭരണഭാഷയാക്കുന്നതിനു് ഉത്തരപ്രദേശ് നിയമസഭയിൽ ഈയിടെ അവതരിപ്പിച്ച ബില്ലിനെ ച്ചൊല്ലി ഉയർന്ന വാദപ്രതിവാദം, അതിനാൽ, ഇന്ത്യയിൽ പരക്കെ ചർച്ചയ്ക്കു വിഷയമാകേണ്ടതാണു്.

1951–ൽ നിയമപ്രകാരം ഹിന്ദി ഉത്തർപ്രദേശിലെ ഭരണഭാഷയായി. ഉത്തർപ്രദേശിലെ ജനസംഖ്യയിൽ എൺപതു ശതമാനത്തിന്റെ മാതൃഭാഷ ഹിന്ദിയാകുന്നു. 1971–ലെ ജനഗണനയനുസരിച്ച ജനങ്ങളിൽ പത്തു ശതമാനമേ അവിടെ ഉർദു സംസാരിക്കുന്നുള്ളു. എങ്കിലും, മുസ്ലീം ന്യൂനപക്ഷത്തിന്റെ സാംസ്കാരികഭാഷയെന്ന നിലയിൽ ഉർദുവിനു പല പ്രോത്സാഹനങ്ങളും ഉത്തർപ്രദേശിൽ തുടർന്നും നൽകിവന്നു. സർക്കാർ ഉദാരമായ ധനസഹായം നൽകി ഒരു ഉർദു അക്കാദമി അവിടെ സ്ഥാപിക്കുകയുംചെയ്തു.

1980–ലെ തെരഞ്ഞെടുപ്പിനുമുമ്പ്, ഉർദുവിനു രണ്ടാം ഭരണഭാഷ എന്ന പദവി നല്കുമെന്നു് ഇന്ദിരാകോൺഗ്രസ് വാഗ്ദാനംചെയ്തു. മുസ്ലിം ന്യൂനപക്ഷത്തിന്റെ വോട്ടിലായിരുന്നു അവരുടെ കണ്ണു് എന്നു വ്യക്തം. തെരഞ്ഞെടുപ്പിനുശേഷം ബീഹാറിൽ ഉർദുവിനു രണ്ടാം ഭരണഭാഷയെന്ന പദവി നിയമപ്രകാരം നൽകപ്പെട്ടു. തുടർന്നു്, 1982 ഏപ്രിൽ മാസത്തിൽ പുറപ്പെടുവിച്ച ഒരു ഓർഡിനൻസ് മുഖേന, ഉത്തർപ്രദേശിലും ഉർദു രണ്ടാം ഭാഷയായി. ഈ ഓർഡിനൻസ് പിന്നീടു് നാലുതവണ പുതുക്കി. ഉർദുവിന്റെ ഈ രണ്ടാം ഭാഷാപദവി ശാശ്വതീകരിക്കുന്നതിനു് ഉദ്ദേശിച്ചുള്ള ഒരു ബിൽ 1984 മാർച്ച് അവസാനത്തിൽ ഉത്തർപ്രദേശ് നിയമസഭയിൽ അവതരിപ്പിച്ചു.

ഉത്തർപ്രദേശിലെ എക്സൈസ് മിനിസ്റ്ററും പഴക്കംചെന്ന ഒരു കോൺഗ്രസ് നേതാവുമായ ബലദേവ് സിങ്ങ് ഉർദുവിനു ഭരണഭാഷാപദവി നൽകുന്നതിനെതിരെ കഴിഞ്ഞ രണ്ടു വർഷമായി നിരന്തരം പ്രചാരവേല നടത്തിവരികയാണു്. ഉത്തർപ്രദേശിലെ ഭരണഭാഷാപ്രശ്നം 1951–ൽ തീരുമാനിച്ചുകഴിഞ്ഞു എന്നും അതിനിയും കുത്തിപ്പൊന്തിക്കുന്നതിൽ അർത്ഥമില്ലെന്നും അദ്ദേഹം നിയമസഭയിൽ പ്രസ്താവിച്ചു. പത്തു ശതമാനം ജനങ്ങൾ മാത്രം സംസാരിക്കുന്ന ഒരു ഭാഷയ്ക്കു് ഔദ്യോഗിക ഭാഷാപദവി നൽകുന്നതിൽ അർത്ഥമില്ല. രാഷ്ട്രത്തിന്റെ വിഭജനത്തിനുതന്നെ കാരണമായ ഈ ഭാഷാവിവാദം പുനരുജ്ജീവിപ്പിക്കുന്നതു് നല്ലതിനല്ല. ബലദേവ് സിങ്ങിന്റെ ഈ വാദഗതിക്കു വേറെയും പല കോൺഗ്രസ് നേതാക്കളും പിന്തുണ നൽകി. നിയമസഭയിലെ എതിർകക്ഷികളായ ലോക്ദൾ, ഭാരതീയ ജനതാപാർട്ടി എന്നിവ ഉർദു പ്രശ്നം വീണ്ടും ഉന്നയിക്കുന്നതിനെ ശക്തിയായി എതിർത്തു. ഉർദുവിനു ഭരണഭാഷാപദവി അനുവദിച്ചാൽ ഉത്തർപ്രദേശിൽ ഉർദുവിനെക്കാൾ എത്രയോ അധികം പ്രചാരമുള്ള വ്രജഭാഷ, പഹാഡി മുതലായവയ്ക്കും ആ സ്ഥാനം അനുവദിക്കേണ്ടിവരുമെന്നായിരുന്നു അവരുടെ പ്രധാന വാദം.

നിയമസഭ ഈ ബില്ല് പാസാക്കുന്നപക്ഷം, ഉത്തർപ്രദേശിലെ ഭരണകക്ഷിയായ ഇന്ദിരാകോൺഗ്രസ്സിൽ നെടുകെ ഒരു പിളർപ്പിനു് അതു വഴിയൊരുക്കുമെന്നു കരുതുന്നവർ കുറവല്ല.

ഭരണഭാഷയാക്കുന്നതുകൊണ്ടു് ഉർദുവിനു സിദ്ധിക്കുന്ന ഗുണങ്ങൾ എന്തൊക്കെയാണു്? സർക്കാരിലേക്കു് അപേക്ഷകൾ സമർപ്പിക്കുന്നതിനും, ആധാരങ്ങൾ രജിസ്റ്റർചെയ്യുന്നതിനും, ഉർദു ഉപയോഗിക്കാൻ കഴിയും. പക്ഷേ, ആധാരങ്ങൾ ഉർദുവിലാണെങ്കിൽ അവയോടൊപ്പം ഒരു

ഹിന്ദിപ്പകർപ്പുകൂടി വച്ചിരിക്കണം. സർക്കാരിന്റെ ഉത്തരവുകൾ, പരസ്യങ്ങൾ എന്നിവ ഉർദുവിൽ പ്രസിദ്ധീകരിക്കും. ഗസററ് ഉർദുവിലും അച്ചടിക്കും. ബില്ലിലെ വ്യവസ്ഥകൾ ഇതെല്ലാമാണ്. ഇവയിൽ ആധാരങ്ങളും പരസ്യങ്ങളും ഒഴികെ മററെല്ലാ ആവശ്യങ്ങൾക്കും ഇപ്പോഴും ഉത്തർപ്രദേശിൽ ഉർദു ഉപയോഗിച്ചുവരുന്നുണ്ട്. ഉർദുവിൽ ഗസററ് അവിടെ പ്രസിദ്ധീകരിക്കുന്നുണ്ട്. പക്ഷേ, അതിന് ഒരൊററ വരിക്കാരൻപോലും ഇല്ലത്രേ! ആധാരം രജിസ്റ്റർചെയ്യുന്ന കാര്യത്തിലാണെങ്കിൽ ഹിന്ദിയിൽ തർജമ തയ്യാറാക്കുന്നതിനുള്ള അധികച്ചെലവ് വഹിക്കാമെന്നല്ലാതെ ഉർദുവിൽ ആധാരം തയ്യാറാക്കുന്നതുകൊണ്ടു മററു യാതൊരു മെച്ചവും കക്ഷികൾക്ക് ഇല്ലതാനും.

ന്യൂനപക്ഷങ്ങളെ വോട്ടുബാങ്കുകൾ ആയാണ് ഇന്ത്യയിലെ രാഷ്ട്രീയ പാർട്ടികൾ ഇപ്പോഴും കണക്കാക്കിവരുന്നത്. ഈ വോട്ടുബാങ്കുകൾ കയ്യടക്കിവച്ചിട്ടുള്ളത് യാഥാസ്ഥിതികരും സമുദായവാദികളും പ്രാദേശികവാദികളും മതനേതാക്കളും മററുമാണെന്നും കരുതപ്പെടുന്നു. വോട്ടുബാങ്കുകളിൽ കണ്ണുനട്ട് ഈ പിന്തിരിപ്പന്മാരുടെ ന്യായീകരിക്കാനാവാത്ത ആവശ്യങ്ങൾക്കു രാഷ്ട്രീയപ്പാർട്ടികൾ കൂടെക്കൂടെ വഴങ്ങിക്കൊടുക്കുന്നു. ഇന്ത്യൻ ജനാധിപത്യത്തിന്റെ ആരോഗ്യത്തെ കാർന്നുതിന്നുന്ന ഒരു വ്യാധിയത്രേ ഇത്. ഉർദുഭാഷയുടെ ഔദ്യോഗികപദവിയെപ്പററി ഇക്കഴിഞ്ഞ മാർച്ച് അവസാനം ഉത്തർപ്രദേശിൽ ഉയർന്ന കോലാഹലം ഈ രോഗം രാഷ്ട്രശരീരത്തിൽ എത്ര ആഴത്തിൽ വേരോടിയിരിക്കുന്നു എന്നതിന്റെ ഒരു നിദർശനമാകുന്നു.

(5 ഏപ്രിൽ, 1984)

## 52. കന്നഡം കർണാടകത്തിൽ

സ്കൂളുകളിൽ ഒന്നാം ഭാഷയെന്ന പദവി കന്നഡത്തിനു കൈവരുത്താൻ കർണാടക സംസ്ഥാനത്തിൽ കഴിഞ്ഞ ആണ്ടിൽ നടന്ന പ്രക്ഷോഭത്തെപ്പററി ഈ പംക്തിയിൽ എഴുതിയിരുന്നു. കർണാടകത്തിലെ സെക്കൻഡറി സ്കൂളുകളിൽ കന്നഡത്തിന്റെ പദവി എന്തായിരിക്കണമെന്നു നിർദേശിക്കുവാൻ നിയുക്തമായ ഗോകാർക്ക് കമ്മററിയുടെ റിപ്പോർട്ട് നടപ്പിൽ വരുത്തുന്നതിൽ ഗുണ്ടുറാവു സർക്കാർ പ്രദർശിപ്പിച്ച വൈമനസ്യമാണ് വ്യാപകമായ അറസ്റ്റുകൾക്കും പോലീസ് വെടിവയ്പുകൾക്കും, വഴിയൊരുക്കിയ ഈ പ്രക്ഷോഭത്തിനു കാരണം. വൈകിയാണെങ്കിലും ഗവണ്മെൻറിന് ഒടുവിൽ പൊതുജനഹിതം മാനിക്കേണ്ടിവന്നു. കർണാടകത്തിലെ സെക്കൻഡറി സ്കൂളുകളിൽ ഒന്നാം ഭാഷയെന്ന പദവി കന്നഡത്തിനായിരിക്കുമെന്നും, എല്ലാ വിദ്യാർത്ഥികളും കന്നഡം നിർബന്ധമായും പഠിച്ചിരിക്കണമെന്നും, വ്യവസ്ഥ ചെയ്യുന്ന ഗുണ്ടുറാവു മന്ത്രിസഭയുടെ പ്രമേയം കർണാടക നിയമസഭയുടെ രണ്ടു മണ്ഡലങ്ങളും ഏകകണ്ഠമായി അംഗീകരിച്ചു. എന്നാൽ, ഇനി പത്തു വർഷത്തേക്ക് ഈ വ്യവസ്ഥ, കന്നഡം മാതൃഭാഷയായ വിദ്യാർത്ഥികൾക്കു മാത്രമേ ബാധകമാവൂ. മററു ഭാഷകൾ മാതൃഭാഷയായുള്ള ന്യൂനപക്ഷങ്ങൾ പത്തു വർഷത്തേക്കു കന്നഡം, വേണമെങ്കിൽ മാത്രം, പഠിച്ചാൽ മതി. പക്ഷേ, അതിനുശേഷം അവർക്കും കന്നഡ പഠനം നിർബന്ധിതമായിരിക്കും. അതേസമയം, ഉർദു, തമിഴ്, തെലുങ്ക്, മലയാളം, മറാഠി, ഗുജറാത്തി, ഹിന്ദി ഭാഷകൾ സംസാരിക്കുന്ന ന്യൂനപക്ഷവിഭാഗങ്ങൾക്ക് പ്രൈമറി–